
ഇ-മൊഴി
ഡിജിറ്റൽ മാഗസിൻ 2019-2020
GHS KALICHANADUKKAM




# ഇ-മൊഴി

# ലിറ്റിൽ കൈറ്റ്സ്

# ഡിജിറ്റൽ മാഗസിൻ -2019 -2020

## ജി.എച്ച്.എസ്. കാലിച്ചാനടുക്കം

## ഉള്ളടക്കം

ആമുഖം.....5
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.....6
പത്രാധിപ സമിതി അംഗങ്ങൾ.....7
ആശംസ.....8
വഴി തിരയുന്ന അരുവി.....9
കലാലയം.....10
.....10
മാനസാന്തരത്തിൻറെ ഗസലുമായി.....11
ഒത്തൊരുമ.....13
ഭക്ഷ്യവിഭവങ്ങളും പോഷ ണവും.....14
ചക്ക.....15
Spinach.....15
BANANA.....15
carrot.....16
THE MANGO FRUIT.....17
ബീറ്റ് റൂട്ട്.....18
Chappathi.....18
മറ.....20
ഞാൻ ചന്ദ്രനിൽ.....21
ചിക്കുവിന്റെ കുസൃതി.....24
.വരകൾ, വർണ്ണങ്ങൾ.....29
കേരളമേ വന്ദനം.....30
കവിത.....30
മഹാത്മാവിൻെറ മാർഗം.....31
8 ബി.....31
ദിയയുടെ സ്വപ്നം.....32
ലിറ്റിൽ കൈറ്റ്സ് 2019-20 ബാച്ചിൻ്റെ ഏകദിന ക്യാമ്പ്.....33
ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കുള്ള ഐഡൻ്റിറ്റി കാർഡ് വിതരണം.....34
വീഡിയോ കോൺഫറൻസ്.....34
പത്ര വാർത്തകളിലൂടെ.....35
പ്രതിഭകളെ തേടി.....35
ലിററിൽ കൈററിന്റെ നേതൃത്വത്തിൽ അമ്മമാർക്കുള്ള ക്ളാസ്-മാതൃ ശാക്തീകരണം.....36
ഡിജിറ്റൽ പൂക്കളം.....37

ലഹരി വിരുദ്ധ ദിനം....38
പോസ്റ്റർ....40
സ്വാതന്ത്ര്യ ദിനക്വസ്....41
കലാം മൊഴികൾ....44
മാറുന്ന കാലാവസ്ഥയും ജൈവവൈവിധ്യവും....45
ഉപന്യാസം....45
സ്കൂൾ പ്രവർത്തനങ്ങളിലൂടെ....47
സ്കൂൾ പ്രവർത്തനങ്ങളിലൂടെ....48
നാട്ടറിവ് ദിനാചരണം....49
വെള്ളരി വിളവെടുപ്പ്....50
സ്കൂൾ കലോൽസവം-ഉദ്ഘാടനം....51
സ്കൂൾ കലോൽസവം....52
നവീന വിദ്യാഭ്യാസ രീതിയും....53
ഗാന്ധിയൻ സങ്കൽപ്പങ്ങളും....53
സ്വാതന്ത്ര്യ ദിനാഘോഷം....69
കൊയ്ത്തുൽസവം....70
സീഡ് ക്ളബ്ബ് പ്രവർത്തനങ്ങൾ....71
കർഷക ദിനാചരണം....72
സ്കൂൾ ശാസ്ത്രോൽസവം....73
ചാക്യാർകൂത്ത് അവതരണം....73
ഓലകളിപ്പാട്ടനിർമ്മാണം....73
....73
ദിനാചരണങ്ങൾ....74
വായനാദിനം....75
കൃതജ്ഞത....76

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻെറ ഭാഗമായി കേരളത്തിലെ ഓരോ സ്കൂളുകളും ഹൈടെ ക്കായി മാറിക്കൊണ്ടിരിക്കുകയാണ്.പഠനപ്രവർത്തനങ്ങൾ ലളിതവും ആനന്ദകരവുമാക്കാൻ വിവരവിനിമയ സാങ്കേതികവിദ്യയുടെ ഉപയോഗം അനിവാര്യമായി തീർന്നിരിക്കുന്നു.സ്കൗട്ട്&ഗൈഡ്സ്,സ്റ്റുഡൻറ് പോലീസ് കേഡറ്റ്,റെഡ് ക്രോസ് എന്നിവയുടെ രീതിയിൽ 2018-19 വർഷത്തിൽ വിദ്യാലയത്തിൽ ആരംഭിച്ച ഐ ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഐ ടി മേഖലയിൽ അഭിരുചിയും കഴിവുമുള്ള ഒരു ഹൈടെക് ഭാവി തലമുറയെ വാർത്തെടുക്കാൻ പര്യാപ്തമാണ് ഈ സംരംഭം.നമ്മുടെ രാഷ്ട്ര പിതാവായ ഗാന്ധിജിയുടെ ദർശനത്തിൽ നിന്നും ഉൾക്കൊണ്ട പഠനത്തോടൊപ്പം തൊഴിലും എന്ന ആശയം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു പദ്ധതിയാണ് കേരള വിദ്യാഭ്യാസ വകുപ്പിൻെറ ഹൈടെക് പദ്ധതിയുടെ ഭാഗമായി കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻറ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ ഏറ്റെടുത്തിരിക്കുന്നത്. കേരളത്തിൽ ഏകദേശം ഒരു ലക്ഷത്തിൽ പരം കുട്ടികൾ ഇതിൽ അംഗങ്ങളായുണ്ട്. ഹൈസ്കൂൾ വിഭാഗത്തിലെ രണ്ട് അധ്യാപകർക്കാണ് വിദ്യാലയത്തിൽ ഇതിൻെറ മേൽനോട്ട ചുമതല. ലിറ്റിൽ കൈറ്റ്സ് പഠന സൗകര്യാർത്ഥം എൽ പി, യു പി ,എച്ച് എസ് വിഭാഗങ്ങൾക്കായി ലാപ് ടോപ്,പ്രൊജക്ടർ,ക്യാമറ മറ്റ് അനു ബന്ധ ഉപകരണങ്ങൾ എല്ലാം വിതരണം ചെയ്തിട്ടുണ്ട്.

കുട്ടികളുടെ സർഗ്ഗാത്മകതയ്ക്ക് ഒരു ഡിജിറ്റൽ പരിഭാഷ എന്ന ഈ സംരംഭത്തിൽ കുട്ടികളുടെ സാങ്കേതിക വൈദഗ്ദ്യം തെളിഞ്ഞു കാണാം.ലിറ്റിൽ കൈറ്റ്സ് പ്രവർത്തനത്തിൻെറ ഭാഗമായി ജി എച്ച് എസ് കാലിച്ചാനടുക്കം സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് ഇ-മൊഴി.

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# പത്രാധിപ സമിതി അംഗങ്ങൾ

ചീഫ് എഡിറ്റർ ജയചന്ദ്രൻ .കെ ഹെഡ്മാസ്റ്റർ

എഡിറ്റർ ഇൻ ചാർജ്ജ് ആശ എം വി സീനിയർ അസിസ്റ്റൻറ്, SITC

സ്റ്റാഫ് എഡിറ്റേഴ്സ്
മിനി.വി.വി(വിദ്യാരംഗം കൺവീനർ)
പത്മനാഭൻ കെ വി(സ്റ്റാഫ് സെക്രട്ടറി)
പ്രമോദിനി പി(HST MALAYALAM)
ശ്രീകല പി(എസ് ആർ ജി കൺവീനർ HS)
രജനി.വി.വി(എസ് ആർ ജി കൺവീനർ UP)
സരിത.കെ.വി( എസ് ആർ ജി കൺവീനർ LP)

കൈറ്റ് മിസ്ട്രസ് രജനി.പി, റീന.വി

സ്റ്റുഡൻറ് എഡിറ്റേർസ്

വിഷ്ണു സി നമ്പ്യാർ
ആഷൽ ബിനോയ്
ശ്വേതരാജ് ടി
അനിറ്റ്ടോമി
അക്ഷയ കെ പി
ലാമിയ സുൽത്താന എം പി
നാജിയ മൊയ്തീൻ
അഭിലാഷ് കെ
ഗോപിക എം
ആൽഫിയ സിബി
മെൽബിൻ ടി എം
കൃഷ്ണകൃപ കെ

# ആശംസ

ലിറ്റിൽ കൈറ്റിന്റെ ഒരു മികച്ച പ്രവർത്തനമായ  ഡിജിറ്റൽ മാഗസിൻ കുട്ടികൾ കൈവരിച്ച അറിവിൻെറ പ്രതീകമാണ്.എല്ലാവിധ ആശംസകളും നേരുന്നു.



പ്രധാനാധ്യാപകൻ

ജയചന്ദ്രൻ .കെ

# വഴി തിരയുന്ന അരുവി

## കവിത



മലമുകളില് നിന്നതാ

ഒഴുകി വരുന്നോരു കൊച്ചു അരുവി

വഴി തിരയുന്നരു കാട്ടരുവി

എവിടെയ്ക്കാണൊഴുകുക?

എവിടേയ്ക്കാണെത്തുക?

എന്തൊരു ദുർവിധി ലോകനാഥാ

ഓരോ മനുഷ്യനും കോന്നൊട്ടു-

ക്കുകയാണ് എൻ അമ്മയെ

എൻെറ ഭൂമിയമ്മയെ  ചിതറി

തെറിയുന്ന അരുവിയുടെ മുൻപി-

ലിതാ ഒരു മാലിന്യ തോട് എന്നു-

ടെ ജീവൻ ഇവിടെ തീരുകയാണ്

എന്നാ കാട്ടരുവി മനസ്സിൽ ഉറ-

പ്പിച്ചു ഒഴുകി ഒഴുകി ആ കാട്ടരു-

വി മാലിന്യ തോട്ടിലേക്ക്

തെറിച്ചു വീണു

അനന്യ .സി

5:ബി

# കലാലയം

അറിവിൻെറ ആദ്യാക്ഷരം നുകരുന്ന സരസ്വതീ ക്ഷേത്രമാണ് വിദ്യാലയം. വലിയവനെന്നോ ചെറിയവനെന്നോ ജാതിമതവർഗ്ഗ വ്യത്യാസമില്ലാതെ എല്ലാകുട്ടികളും ഒന്നിച്ചിരുന്ന് ഒരേ പാഠങ്ങൾ പഠിക്കുന്ന കലാലയം. മാതാ പിതാ ഗുരു ദൈവം എന്ന സദ്ചിന്ത ആദ്യം മനസ്സിൽ എഴുതണം.മനുഷ്യനെ ഒന്നായികാണാനുള്ള ചിന്താഗതി മനസ്സിൽ വളർത്തണം. താൻ ജീവിക്കുന്ന പരിസ്ഥിതി,തൻെറ ചുറ്റുപാട് സംരക്ഷിക്കേണ്ട ഉത്തരവാതിത്വം തനിക്കുമുണ്ട് എന്ന തിരിച്ചറിവ് നേടണം. ആവശ്യത്തിനുള്ള വിഭവങ്ങളേ ഉപയോഗിക്കാവൂ എന്ന പ്രകൃതിയുടെ പാഠം നെഞ്ചേറ്റണം.



മറ്റുള്ളവർക്കെന്നതുപോലെ തനിക്കും ഒരിടമുണ്ടെന്നും അപരൻെറ സന്തോഷം തൻെറതുമാണെന്ന തിരിച്ചറിവുണ്ടാകണം. ജോലി ചെയ്ത് ജീവിതമാർഗ്ഗം ഉണ്ടാക്കുന്നതിലുപരി മനുഷത്വമെന്ന വലിയ പാഠം പഠിപ്പിക്കാനുള്ള വേദികൂടിയാകണം കലാലയം.

ജയചന്ദ്രൻ.കെ
പ്രധാനാധ്യാപകൻ

# മാനസാന്തരത്തിൻറെ ഗസലുമായി

## കവിത



*സൗരമയൂഖസ്പർശമറിയാതെ*
*വിഷമേറ്റ നീലിച്ച ഭ്രൂമിയുടെ*
*കരൾക്കാമ്പിലൂടേതോ ഞരക്കം*
*കടന്നു പോയി.*

*ഉണങ്ങിയ ചെളിപ്പാതകൾ വീണ്ടുമൊരു*
*തോടായി രൂപാന്തരപ്പെട്ടു.*
*ഭ്രൂമിയുടെ ദാഹശാലകളുടെ തീർത്ഥ-*
*ശാന്തിയിൽ നിന്നും രോദനങ്ങൾ മുഴങ്ങിക്കേട്ടു.*

അന്ധകാരത്തിൻറെ ആണ്ടറുതിയിൽ
തമ്മാത്തമ്മിൽ,
കുത്തിനോവിക്കുന്ന
ബന്ധങ്ങളുടെ ഭ്രാന്താലയങ്ങളിലേക്കോ
വേരുകളറുത്തു നമ്മെ ഋക്കിലേറ്റുന്ന
ജീവിതാസക്തികളുടെ
ഒടുക്കമില്ലാത്ത വഴിയമ്പലങ്ങളിലേക്കോ
വിതച്ചതു കൊയ്തെടുക്കാൻ വിധിച്ച
പ്രകൃതിയുടെ മടിത്തട്ടു വിട്ടു
മടക്കമില്ലെവിടേക്കും ഒരുനാളും
മർത്യജന്മം കൂപ്പുകുത്തുന്ന ഈ നിമിഷം
മുഴങ്ങിക്കേൾക്കുന്ന കൊടുങ്കാറ്റിന്റെനിലവിളിയും
കടപുഴകിവീഴുന്ന വൃക്ഷങ്ങളും
ഭ്രാന്തുപിടിച്ച പാറക്കൂട്ടങ്ങളും
ഒന്നിച്ചൊരേ സ്വരത്തിൽ പറഞ്ഞു
നേഹയുടെ വെള്ളരിപ്രാവേ
പോകൂ.......... നീ പറന്നു പോകൂ
നീ തേടുന്ന ശാന്തിയുടെ മണൽത്തിട്ട-
യിനിയിവിടെയവശേഷിക്കുന്നില്ല!
മണ്ണിലടിഞ്ഞ ചീഞ്ഞശവത്തിന്റെ
ഗന്ധമുയരുന്ന ഈ മരണതീരം വിട്ട്
പോകൂ.... ചുണ്ടിലൊരു ഗസല്യമായി
നന്മയുടെ മറുതീരം തേടി.

ആദിത്യ രത്നാകരൻ
10 ബി

# ഒത്തൊരുമ

## കഥ

പണ്ട് ഒരു കാട്ടിൽ വലിയൊരു കുന്ന് ഉണ്ടായിരുന്നു.ധാരാളം മരങ്ങളും,കാട്ടുചെടികളും,മൃഗങ്ങളും, പക്ഷികളും ഒക്കെ താമസിക്കുന്നത് ആ കുന്നിൻ ചെരുവിലാണ്.ഒരു ദിവസം കുറേ ആൾക്കാർ
പട്ടണത്തിൻ നിന്നും കാട്ടിലേക്ക് വന്നു.അവർ വലിയൊരു പ്രൊജക്ട് ചെയ്യാനാണ് വന്നത്.
അതിന് പറ്റിയ സ്ഥലം അന്വേഷിച്ച് നടക്കുന്നതിനിടിൽ അവർ മനോഹരമായ ആ കുന്ന് കണ്ടു.
അവർ ആ കുന്നിടിക്കാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി.അതിനായി അവർ പട്ടണത്തിൽ നിന്നും വലിയ വാഹനങ്ങളേയും ജോലിക്കാരേയും വരുത്തി.വലിയ വാഹനങ്ങളുടെ ശബ്ദം കേട്ടപ്പോൾ തന്നെ മൃഗങ്ങളും പക്ഷികളും പേടിച്ച് ഓടാനും കരയാനും തുടങ്ങി.ആ കുന്നിൻ മുകളിൽ താമസിക്കുന്ന ജീവജാലങ്ങൾ ഉറ്റചങ്ങാതികളായി പരസ്പം സഹായിച്ച് കൊണ്ട് ജീവിക്കുന്നവരാണ്.വാഹനങ്ങളുടെ ശബ്ദം കേട്ട് ഓടിപ്പോയവർ ഒന്നിച്ച് ഒരു സ്ഥലത്ത് ഒത്തുകൂടി.എന്നിട്ട് ഒറ്റക്കെട്ടായി ഒരു തീരുമാനം എടുത്തു.എന്തൊക്കെ സംഭവിച്ചാലും കുന്നിടിക്കാൻ അനുവദിക്കില്ല എന്ന്.അതിനായി അവർക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യുക എന്ന് പറഞ്ഞ് അവർ പിരിഞ്ഞുപോയി.എന്നിട്ട് എല്ലാ മൃഗങ്ങളും പക്ഷികളും ചേർന്ന് മനുഷ്യരെ ഓടിച്ച് വിടാൻ തയ്യാറായി.തേനീച്ചകളായിരുന്നു മുന്നിൽ.അങ്ങനെ പട്ടണത്തിൽ നിന്ന് വന്നവർ അങ്ങോട്ട് തന്നെ തിരിച്ചു പോയി.

**അഭിരാമി.കെ**
**5-A**

# ഭക്ഷ്യവിഭവങ്ങളും പോഷ ണവും

CHICKEN FRY

Ingredients Nutrients

Chicken - fat,sodium potassium,protein,
iron,vitamin A,vitamin C,calcium,
vitamin B-6,cobalamin,magnesium.

Salt - sodium,calcium,iron

chilli - fat,sodium,potassium,carbonate,
powder Fiber,protein,vitamin A,vitamin C
calcium,iron,vitamin D,vitamin B-6,magnesium

turmeric – vitamin C,calcium,iron,potassium,
powder zinc

pepper - Riboflavin,niacin,magnesium,pota-
powder ssium,Fiber,vitamin A,vitamin C,
vitamin E, vitamin K, vitamin B-6
iron and mangnese.

Chicken
masala - fat,sodium,potassium,protein,
vitamin A,vitamin C,vitamin E,
iron,vitamin K,vitamin B-6 and
mangnese.

Oil - fat

onion - sodium,potassium,carbohydrate,
Fiber,sugar,protein,vitamin A,
vitamin C,calcium,iron,magnesium.

By
parvathi
8B

# ചക്ക

നമ്മുടെ ഔദ്യോഗിക ഫലമായ ചക്ക നമ്മുക്ക് സുല-
ഭമായി ലഭിക്കുന്ന ഭക്ഷ്യ ഇനമാണ്.
ചക്ക സുലഭമായി ലഭിക്കുന്ന കാലഘട്ടം ഏപ്രിൽ മുത-
ൽ ജൂലായ് വരെയാണ്.
ഒരോ പറമ്പിലും ഒരു പ്ലാവിൻെറ തൈപോലും ഇല്ലാത്തച്ചുറ്റുപാട് നമ്മുക്ക് കാണാൻ കഴിയുന്നില്ല.
അതുകൊണ്ട് തന്നെ ചക്കയെ ഇഷ്ടപെടാത്തവരും
കഴിക്കാത്തവരുമാണ് പുതുതലമുറ.
ചക്കയിലെ പോഷകമൂല്യം നാം മനസിലാക്കിയാൽ
അത് കഴിക്കുക തന്നെ ചെയ്യും.
അത്രയ്ക്കും പോഷകമൂല്യമുള്ള ഇനമാണ് ചക്കപ്പഴം.
ചക്കയിലെ ഊർജം 121 ഗ്രാമാണ്.
കാത്സ്യം,ഇരുമ്പ്,ചെമ്പ്,സിങ്ക്,മാങ്കനീസ് തുടങ്ങിയ-
വയും ചക്കയിലുണ്ട്.
ജീവകം സി,കൊഴുപ്പ്,നാരുകൾ,മാംസ്യം,ജീവകംബി-
ഫോളേറ്റ്,റൈബോഷേവിൻ തുടങ്ങിയവയാണ് നമ്മുടെ ചക്കയിലെ പോഷകങ്ങൾ.

ആഷൽ ബിനോയി

## Spinach

1)protein
2)calcium
3)iron
4)magnesium
5)potassium
6)Interational units
7)micrograms offoiate

## BANANA

***nutrients***

*Provides natural energy.
*Aides in weight loss.
*Soothes stomach ulcers.
*Reduces menustrual pains.
*Heart healthy.
*Treats anemia.

*Reduces depressions.
*Anti cancer.
*Regulates the bowel system.
*powers the brain.

| Vitamin 6 | VitaminB6 | Maganese | Fiber | Potassium |
|---|---|---|---|---|
| 14% | 25% | 16% | 12% | 12% |

BY
Anna sibi

## carrot

one of the most popular root vegetables used around the world are carrots.
There are many ways to prepare them ,such as row ,cooked or juiced.
Carrots even come in many colour such as yellow,purple ,red and white.

### Yellow colour of carrots

carrots get their traditional yellow colour from beta and alpha carotine .
The carrot maintain cholestrol and blood pressure.
Cleaness the liver, glowing skin and eye sight.

### Nutrients

carrots also contain many nutrients eg:lutein,gamex,carotene,vitamin k etc.

### Health benefits

carrot have the ability to be juiced.which give you carrot in a concentrated form with all of its essential

nutrients.
If you consume just one glass per day ,it will be help your immune system.

The essential nutrients

The essential nutirent such as vitamin K,B,calcium phosphrus and potasium all help to strengthen your nervous system,your bone health and your brain power

## THE MANGO FRUIT

100 percent of the daily need for vitamin-C
35 percent of the the vitamin-A
20 percent of folate
10 percent of vitamin B-6
8 percent of vitamin -k and potassium

mango also contribute copper,calcium and iron to the diet as well as antioxides.

100 calories
1 gram protein
0.5 gram fat
25 gram of carbohydrate 2y grams of sugar
3 g of fiber, 100% of the daily need for vitamin c
36% of vitamin A in mango
20 percent of folate

jobina r.j 8b

# ബീറ്റ് റൂട്ട്

ബീറ്റ് റൂട്ട് കഴിക്കുന്നത് രക്തം വർദ്ധിക്കാൻ മാത്രമല്ല പോഷകഘടകങ്ങളുടെ ഒരു കലവറ തന്നെയാണ് ബീറ്റ് റൂട്ട്.

ബീറ്റ് റൂട്ട് ജ്യൂസ് കുടിക്കുന്നത് കൊണ്ട് ഗുണങ്ങൾ പലതാണ് കൊളസ്ട്രോൾ കുറയ്ക്കാനും,ബ്ലഡ്ഷുഗർ നിയന്ത്രിക്കാനും,ക്യാൻസറിനും , ബുദ്ധി വർദ്ധിപ്പിക്കാനും ബീറ്റ് റൂട്ട് ജ്യൂസ് സഹായിക്കുന്നു.ബീറ്റ് റൂട്ട് ജ്യൂസിൽ ധാരാളം മിനറൽസ്, ഫൈബർ എന്നിവ അടങ്ങിയിട്ടുണ്ട്.

BY
jishnu K

# Chappathi

Chappathi also known as roti, is made of whole wheat flour dough known as Atta, by mixing it with water and optional salt in a mixing utensil called parat and is cook on a tava

***<u>nutrionalvalue per 100g (3.50z)</u>***

carbohydrates:46.36g
sugars :2.72
dictary fiber :4.9g
fat :7.45g
protein :11.25g
thiamine (b1) :0.55mg
Ribotlavin(b2):0.2mg
niacin(b3) :6.78mg
pantothenic (b5):0mg
vitamin (b6) :0.270mg
folate(b9) :0um

| | |
|---|---|
| vitaminE | :0.88mg |
| vitaminK | :0um |
| calcium | :93mg |
| iron | :23%/3mg |
| magnesium | :62mg |
| phosphurus | :184mg |
| maganese | :0mg |

BY
ALAKANANDA D S

# മറ




കവിത

ഓളങ്ങൾ  തിരയടിച്ചുയരുമ്പോൾ
അടിച്ചു തകർത്തില്ലെങ്കിൽ
തിരയുടെ ശക്തിയെന്തെന്ന്
എങ്ങനെയറിയാം?

വിങ്ങലുകൾ ഹൃദയത്തിൽ
തട്ടുത്തുനിർത്തികയാൽ
കണ്ണീരിൻെറ വിലയെങ്ങനറിയും.

അപ്രിയ സത്യങ്ങൾ മറച്ചുവയ്ക്കപെട്ടാൽ
സത്യമെന്തെന്നെങ്ങനറിയാം?

വെറുപ്പിക്കാതെ ഭയന്നോടിയാൽ
വെറുപ്പിൻെറ വേദനയെങ്ങനറിയും?

തിക്താനുഭവങ്ങൾ കൂട്ടിനില്ലെങ്കിൽ
അനുഭവത്തിൽ  തിക്തത എങ്ങനെയറിയും

റീന വി
HST MATHS

# ഞാൻ ചന്ദ്രനിൽ

ഒരു സാങ്കല്പിക യാത്രാ വിവരണം

സ്പേസ് സ്യൂട്ട് ധരിച്ച് ജ്വിയോ പേടകത്തിൽ യാത്രചെയ്യുമ്പോൾ എനിക്ക് വളരെപേടിതോന്നി എന്നാൽ പേടകത്തെ നിയന്ത്രിക്കുന്നത് ആൽവിൻ ജ്വിയോ എന്ന ശാസ്ത്ര ഞ്ജനായതിനാൽ എനിക്ക് ഭയം തോന്നിയില്ല. കൂടെ ടോംസിയും ഞങ്ങളുടെ പ്രിയപ്പെട്ട പപ്പി എന്ന പട്ടിയും ഉണ്ടായിരുന്നു.മുകളിലേക്കുയരും തോറും ഭൂമി ഒരു ചെറു ഗോളമായി ചെറുതായികൊണ്ടിരുന്നു .ചന്ദ്രൻ വലിയതായി കൊണ്ടിരുന്നു .ഇടയ്ക്ക് ഞങ്ങൾ ഉൽക്കകൾ ചീറിപാഞ്ഞ് പോകുന്നത് കണ്ടു. ബഹിരാകാശത്തു വച്ച്. എഡ്യുസാറ്റിനെ കാണാൻ സാധിച്ചു. ഞങ്ങൾ പേടകത്തിലിരുന്ന് എഡ്യുസാറ്റിന് റ്റാറ്റകൊടുത്തു.പക്ഷെ അതിൽ നിന്ന് മറുപടി സന്ദേശം ലഭിച്ചു.പക്ഷെ ഞങ്ങളുടെ ജ്വിയോ പേടകത്തിൻെറ ഫോട്ടോ എടുത്ത് ഫ്ലാഷ് ലയിറ്റ് മിന്നുന്നത് കണ്ടപ്പോൾ ഞങ്ങൾക്ക് മനസ്സിലായി. ചന്ദ്രോപരിതലം കൂടുതൽ വ്യക്തമായി കണ്ടു ഞങ്ങൾ. അവിടെ സ്കൂൾ  കാണുന്നുണ്ടോ എന്ന് നോക്കി .ഭൂമിയിലെ കാര്യങ്ങൾ അവ്യക്തമായതിനാൽ കാണാൻ സാധിച്ചില്ല. അങ്ങനെ ചന്ദ്രനിൽ എത്താറായി എന്നും ഇറങ്ങാനുള്ള തയ്യാറെടുപ്പുകൾ വേഗം ചെയ്യണമെന്നും ശാസ്ത്രജ്ഞൻെറ സന്ദേശം ലഭിച്ചു. ഞങ്ങളുടെ ലക്ഷ്യസ്ഥാനം പ്രശാന്ത സമുദ്രമാണെങ്കിലും ഞങ്ങൾ എത്തിയത് ടെസ്റ്റ മണൽ പുറത്തായിരുന്നു.  അപ്പോൾ ഞങ്ങൾ ഡാഷ് ബോഡിലെ കിലോ മീറ്റർ നോക്കിയപ്പോൾ 6 അക്കങ്ങൾ തെളിഞ്ഞ് നിന്നു 356,868

കിലോമീറ്റർ അപ്പോൾ തന്നെയായി. ഞങ്ങൾ രണ്ടു പേരും പപ്പികുട്ടിയെ ഇറക്കിവിട്ടു പപ്പിക്കുട്ടി ഒരു പാവക്കുട്ടി പോലെ പറന്നു നടന്നു.പപ്പിക്ക്കാല് നിലത്ത് കുത്താനും പറ്റുന്നില്ല.ഞങ്ങൾക്ക് പപ്പിയെ പിടിക്കാനും പറ്റുന്നില്ല .ഞങ്ങൾ വീണ്ടും നിലയവുമായി ബന്ധപ്പെട്ടു. ഞങ്ങൾക്ക് ലഭിച്ച നി ർദേശമനുസരിച്ച് യന്ത്രകൈ നീട്ടി പപ്പിയെ പേടകത്തിലേക്ക് വലിച്ചടിപ്പിച്ചു.പപ്പിയെ പേടകത്തിനകത്താക്കിയ ശേഷം ഞങ്ങൾ ചന്ദ്രോപരി തലത്തിലേക്ക് കാൽകുത്തി, അമ്പളിമാമനെ നമസ്ക്കരിച്ചു. ചന്ദ്രനിൽ നിന്ന് ഭൂമിയിലേക്ക് എത്തിനോക്കി ഭൂമിയെ വലിയ ഗോളമായ് കണ്ടു സൂക്ഷിച്ച് നോക്കിയപ്പോൾ ചൈനയിലെ വൻമതിൽ  കാണാൻസാധിച്ചു . അവിടെ നിന്ന് കുറേ പദാർത്ഥങ്ങൾ ,പാറക്കഷണങ്ങൾ, ധാതുപദാർത്ഥങ്ങൾ എന്നിവ ഞങ്ങൾ  ശേഖരിച്ചു പേടകത്തിലേക്ക് കൊണ്ടുവന്നു . അപ്പോൾ ഭൂമിയിൽ നിന്ന് അറിയിപ്പ് വീണ്ടുമെത്തി .അവ വലിയ ഭാരമുള്ളവയാണ് അതിനാൽ അതിൽ  നിന്ന് ചെറിയ കഷ്ണങ്ങൾ മാത്രം എടുക്കുക. പക്ഷെ ഞങ്ങൾക്ക് അവയൊന്നും ഭാരമുള്ളതായി തോന്നിയില്ല . ഞങ്ങളുടെ  തൊട്ടപ്പുറത്ത് ഉൽക്ക വീഴുന്ന ശബ്ദം ഞങ്ങൾ കേട്ടു . എങ്ങോട്ടു നോക്കിയാലും ഇരുട്ടാണ്. പേടകത്തിലെ എല്ലാ ലയിറ്റുകളും ഞങ്ങളുടെ നേരേ തിരിഞ്ഞു. കൈയിൽ കരുതിയ ദേശീയ പതാക ചന്ദ്രനിൽ സ്ഥാപിച്ചു. സല്യൂട്ട് നൽകിയ ശേഷം കൈയിലിരുന്ന റിമോർട്ട് ഉപയോഗിച്ച് പേടകത്തിലേക്ക് തിരികേ പ്രവേശിച്ചു . ജീയോ വീണ്ടും ചലിച്ചു . ഭൂമിയിലേക്കുള്ള  മടക്കയാത്രയിൽ അപകടമൊന്നും വരുത്തരുതെ എന്ന് ജഗദീശ്വരനോട് പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ പേടകം

ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് പ്രവേശിച്ചതായി സിഗ്നൽ ലഭിച്ചു . വേഗത കുറക്കാനായി പാരച്ചൂട്ട് മാതൃകയിലുള്ള ചിറകുകൾ പ്രവർത്തിക്കാൻ നിർദേശം ലഭിച്ചു .പേടകത്തിന്റെ വേഗത താനെ കുറഞ്ഞു . ശാസ്ത്രം പാറ തടാകത്തിനടുത്തുള്ള സ്പെയിസ് സെൻ്ററിന്റെ മൈതാനത്ത് ഇരമ്പലോടെ വന്നിറങ്ങി. അപ്പോൾ ആ പൊടിപടലത്തിനിടയിലൂടെ ഫ്ലാഷ് ലൈറ്റുകൾ മിന്നുന്നത് കണ്ടു . ഞങ്ങൾ ടീച്ചേസിന്റെയും കൂട്ടുകാരുടേയും മുന്നിലേക്ക് നടന്നിറങ്ങി .ശാസ്ത്ര ലോകം എന്നേയും ടോംസിയേയും ആദരപൂർവം സ്വീകരിച്ചപ്പോൾ സന്തോഷത്തോടെ ആൽവിൻ ജീയോ എന്ന ശാസ്ത്രജ്ഞൻ ചെറു പുഞ്ചിരിയോടെ വാരിപ്പുണർന്നു എന്ന്,

ആൻകാതറിൻ 8A

# ചിക്കുവിന്റെ കുസൃതി

കഥ

ഒരിടത്ത് ഒരു കാട്ടിൽ ഒരു കുസൃതിക്കാരനായ ചിക്കു എന്ന ഒരു മുയൽ താമസിച്ചിരുന്നു.അവന്റെ മാളത്തിനടുത്ത് ഒരു മരത്തിൽ ഒരു കുരങ്ങച്ചാരും താമസിച്ചിരുന്നു. ഒരു പാവത്താനായിരുന്നു അവൻ. ഒരു ദിവസം ചിക്കു മുയൽ മരത്തി നടിയിൽനിന്ന് പുല്ല് തിന്നുകയായിരുന്നു. അവന് അപ്പോൾ ഒരു അണ്ണാന്റെ തൊലി വീണുകിട്ടി.അതു ധരിച്ച് മുയൽ കുരങ്ങച്ചനെ കാത്തിരുന്നു.കുറച്ചുക്കഴപ്പോൾ കുരങ്ങച്ചാർ പുറത്തേക്ക് വന്നു.ചിക്കു മുയൽ കുരങ്ങച്ചാരെ പേടിപ്പിക്കാൻ ശ്രുമിച്ചു.പക്ഷെ കുരങ്ങച്ചാർ പേടിച്ചില്ല.ചമ്മിപ്പോയ ചിക്കുമുയൽ തലതാഴ്ത്തി നിന്ന് കുരങ്ങച്ചാർ പേകുന്നതു നോക്കി നിന്നു. അവൻ തന്റെ കൂട്ടുക്കാരനായ സിംഹത്തിന്റെ അടുത്തേക്ക് പോയി. എന്നിട്ട് കാര്യങ്ങൾ പറഞ്ഞു:"എന്റെ കൂട്ടുകാരാ എനിക്കാ കുരങ്ങച്ചാരെ ഒന്ന് പേടിപ്പെടുത്തണം. അങ്ങ് എന്നെ ഒന്ന് സഹായിക്കണം.” എന്നിട്ട് സിംഹവും ചിക്കുമുയലും കൂടി അവിടേക്ക് പോയി.അപ്പോൾ അവിടെ കുരങ്ങച്ചാരുണ്ടായിരുന്നില്ല.അവർ അവിടെ കാത്തിരുന്നു.കുരങ്ങച്ചാർ വന്നു.സിംഹം അവന്റെ മുകളിലേക്ക് ചാടി. അവന്റെ കഥ കഴിച്ചു.പിന്നെ സ്വന്തം കൂട്ടുക്കാരനെ അപകടപ്പെടുത്തിയ ചിക്കുമുയലിനെയും കൊന്നു.

# .വരകൾ, വർണ്ണങ്ങൾ



# കേരളമേ വന്ദനം

കവിത

വന്ദനം വന്ദനം  എൻെറ കേരളനാടിന് വന്ദനം

ദൈവത്തതിൻ്റെ നാടാണ്  നല്ല സ്നേഹം നിറഞ്ഞ

നാടിന് വന്ദനം വന്ദനം നല്ല  സ്നേഹ നാടിന് വന്ദനം

ഐക്യമുളള  നാടാണ് നല്ല സ്നേഹത്തിൻെറ ഉറവാണ്

കലകളും  പുഴകളും നിറഞ്ഞ നാടാണ് ജലജീവികളും

മൃഗങ്ങളും പക്ഷികളുടെയും നാടാണ്

പച്ചപ്പുളള  നാടാണ് കേരളം

വന്ദനം വന്ദനം എൻെറ കേരള നാടിന് വന്ദനം

വന്ദനം വന്ദനം വന്ദനം



എൽസമോൾ ബൈജു ,5 ബി

# മഹാത്മാവിന്റെ മാർഗം

വായനാകുറിപ്പ്

ശ്രീ.സുകുമാർ അഴീക്കോട് രചിച്ച മഹാത്മാവിന്റെ മാർഗം എന്ന പുസ്തകം ഞാൻ സന്തോഷത്തോടെ വായിച്ചു.എനാക്കിത് വളരെഇഷ്ട്പെട്ടു. ഈ പുസ്തകം രചിച്ച സുകുമാർ അഴീക്കോട് 1926 മെയ് 12-ന് കണ്ണൂർ ജില്ലയിലെ അഴീക്കോട്ടിൽ ജനിച്ചു.പിതാവ്- പനങ്കാവിൽ ദാമോദരൻ ,മാതാവ്-തട്ടാരത്ത് മാധവിയമ്മ.ഈ പുസ്തകത്തിൽ എനിക്ക് ഏറ്റവും ഇഷ്ട്പെട്ടത് ഇതിന്റെഅവസാന ഭാഗമാണ്. അതിൽ 51 ഗാന്ധിജിയുടെ ചൊല്ലുകളുണ്ട്.കൂടാതെ അതിൽ ഗാന്ധിജിയെ പറ്റി രവീന്ദ്രനാദ് ടാഗോറും,ആൽർട്ട്, ,ഐൻസ്റ്റിനും,റോമെയിൻ റൊളണ്ടും,ജവഹർലാൽ നെഹ്-റുവും,ആൾഡസ് ഹക്സ്ലി,പ്രൊഫ.രാധാകൃഷ്ണ്നും പയറുന്നുണ്ട്.

ഈ പുസ്തകം വായിച്ചാൽ നല്ലതു മാത്രമേ വരൂ.ഗാന്ധിജിയുടെ പാത നമ്മുക്കും പിന്തുടരാം.ഈ പുസ്തകം എനിക്കുവളരേ ഇഷ്ട്പെട്ടു.

സഞ്ജയ് രാജൻ

**8 ബി**

# ദിയയുടെ സ്വപ്നം

**കഥ**

പൂക്കളാലും പുഴകളാലും വളരെ സന്തുഷ്ടി നിറഞ്ഞ ഗ്രാമം. ആ ഗ്രാമം നമ്മളെ ഏവരെയും വിശ്വമനോഹാരിതയിലേക്ക് കൊണ്ടു പോകും. അതു പോലെ തന്നെ അവിടെയുള്ള ആളുകളും

അതിലൊരു കൊച്ചു മിടുക്കി ഉണ്ടായിരുന്നു.അവളുടെ പേരാണ് ദിയ. ലാളിത്യം നിറഞ്ഞ മുഖം അതിലേറെ നിഷ്കളങ്കമായ ഹൃദയം. ആ കൊച്ചു മിടുക്കിയുടെ പേരാണ് ദിയ. മനസ്സിൽ സ്നേഹം മാത്രം ഉള്ളൊരു സാധു പെൺകുട്ടി.

തന്റെ ബാല്യകാലം വളരെ യാതനകൾ നിറഞ്ഞതായിരുന്നു .കുട്ടിക്കാലത്ത് തന്നെ തന്റെ അമ്മ തന്നെ വിട്ട് പിരിഞ്ഞിരുന്നു .അതിനാൽ തന്നെ അവളുടെ പപ്പ മുഴുകുടിയനായി മാറി .അങ്ങനെ അവരുടെ സമ്പാദ്യം മുഴുവൻ മദ്യപാനത്തിലൂടെ ഇല്ലാതാവുകയായിരുന്നു.

ദിയ അവളുടെ സങ്കടങ്ങൾ മുഴുവൻ പൂക്കളോടും ,പുഴകളോടും ,പക്ഷികളോടും പറഞ്ഞു കരയും. ഈ ലോകത്തിൽ അവളുടെ ഏറ്റവും വലിയ സ്വപ്നം അവളെ മാറോട് ചേർത്തിണക്കാൻ, സ്നേഹം കൊണ്ട് പൊതിയാൻ, അവൾക്കൊരു അമ്മ വേണമെന്നുള്ളതാണ്. അവൾ അവളുടെ പപ്പയുടെ മദ്യപാനം കാരണം എന്നും പറയും "എന്റെ അമ്മ ഇപ്പോൾ എന്റെ കൂടെ ഉണ്ടായിരുന്നുവെങ്കിൽ ഞാൻ ഇതൊന്നും അനുഭവിക്കേണ്ടിവരില്ലായിരുന്നു "എന്ന് . അവളുടെ ഏറ്റവും വലിയ സങ്കടം അതായിരുന്നു എന്ന് ആ നാട്ടിലെ മുഴുവൻ ആളുകൾക്കും അറിയാം .

അതിനിടയിലാണ് ഒരു അസ്വാഭാവികമായ ഒരു സംഭവം നടന്നത് .തന്നെ ലാളികാനും , സ്നേഹ വത്സല്യത്താൽ നിറയ്കാനും അവൾക്കൊരു അമ്മ വരുന്നു എന്ന്.

അങ്ങനെ കുറച്ച് നാളുകൾക്ക് ശേഷം അവരുടെ വിവാഹം കഴിഞ്ഞു . ഒരു അമ്മ തരുന്നതിലേറെ സ്നേഹം തന്ന് ആ അമ്മ ദിയയെ വളർത്തി . ആ അമ്മ വീട്ടിൽ കടന്നുവന്നതോടെ അവളുടെ പപ്പയുടെ മദ്യപാനശീലം ദിയയെ ഒരുപാട് സ്നേഹിക്കുകയും ലാളിക്കുകയും ചെയ്തു.അങ്ങനെ അമ്മയുടെ ലാളനയും പപ്പയുടെ കരുതലും കൊണ്ട് അവൾ സന്തോഷവതിയായി ജീവിക്കുന്നു.

# ലിറ്റിൽ കൈറ്റ്സ് 2019-20 ബാച്ചിന്റെ ഏകദിന ക്യാമ്പ്



# ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കുള്ള ഐഡൻ്റിറ്റി കാർഡ് വിതരണം





# വീഡിയോ കോൺഫറൻസ്





# പത്ര വാർത്തകളിലൂടെ




# പ്രതിഭകളെ തേടി



# ലിററിൽ കൈററിന്റെ നേതൃത്വത്തിൽ അമ്മമാർക്കുള്ള ക്ളാസ്-മാതൃ ശാക്തീകരണം









# ഡിജിറ്റൽ പൂക്കളം



## ലഹരി വിരുദ്ധ ദിനം

വിശ്വമെമ്പാടും വേരുകൾ പടർത്തി വിജ്ഞാനത്തിന്റെയും വികസനത്തിന്റെയും പുതിയ ചരിത്രം രചിക്കുന്ന നമ്മുടെ കൊച്ചുകേരളത്തിൽ ഇന്നേയ്ക്ക് ഒരു ലഹരി വിമുക്ത ദിനം കൂടി കടന്നു പോവുകയാണ് .എന്നാൽ ഇത്തരം ദിനാചരണങ്ങൾ കൊണ്ട് എത്രമാത്രം നമ്മുടെ യുവമനസ്സുകളെ ഉദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട് ? ഉത്തരം ലളിതമാണ്.ഇവയെല്ലാം വെറും പ്രഹസനങ്ങൾ മാത്രമായി അവശേഷിക്കെ യുവതലമുറയ്ക്ക് ഇടയിൽ ലഹരി ഒരു മാരകവിഷമായി ഇന്നും വ്യാപിച്ച് കിടക്കുന്നു.ഒന്നോർത്താൽ നമ്മുടെ ലോകത്തിന്റെ



തന്നെ ഭാവി കാർന്നു തിന്നുന്ന രൂക്ഷമായ ഒരു പ്രതിസന്ധിയാണ് ലഹരി വസ്തുക്കളുടെ ഉപയോഗം.

ജീവിതത്തിൽ തീർത്തും ഒറ്റപ്പെട്ട് പോയവരും, ജീവിത നൈരാശ്യങ്ങളാൽ വലയുന്നവരുമാണ് പ്രധാനമായും ലഹരി എന്ന തകർച്ചയുടെ മാർഗം തിരഞ്ഞെടുത്തിരുന്നത്. എന്നാൽ ഇന്ന് ഏറ്റവുമധികം ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ട് നശിച്ചുകൊണ്ടിരിക്കുന്നത് സ്കൂൾ കോളേജ് വിദ്യാർത്ഥികളാണ്.ആദ്യമൊരു കൗതുകമെന്നോണം തുടങ്ങുന്ന ഈ വിനോദം പിന്നീട് ഒരു ശീലമായി മാറുന്നു.അതവരെ ഒരു മൃഗമാക്കി മാറ്റും .

കുടുംബബന്ധങ്ങളുടെ ഇഴയടുപ്പം തകരുന്നതും കുട്ടികളെ ഇത്തരം ജീവിത രീതിയിലേക്ക് തള്ളിവിടുന്ന കാരണമാണ് മദ്യം,കഞ്ചാവ്,മയക്കുമരുന്ന്, എന്നിങ്ങനെ ലഹരിയുടെ വ്യത്യസ്ത മേഖലകളിലും ശോഭിച്ചു നിൽക്കുന്നത് നാളെ ഈനാടിനെ നയിക്കേണ്ടവരാണ് എന്നോർക്കുമ്പോൾ നാം സ്വയം ലജ്ജിക്കേണ്ടിയിരിക്കുന്നു.മയക്കുമരുന്ന് ലോപികളുടെ കുത്തകവാഴ്ച നമ്മുടെ ജനതയെ മാനസികമായും സാമ്പത്തികമായും ആരോഗ്യപരമായും തകർക്കാൻ കെൽപ്പുള്ളതാണ്.

# പോസ്റ്റർ



## സ്വാതന്ത്ര്യ ദിനക്വസ്



1.ജാലിയൻവാലാ ബാഗ് കൂട്ടകൊലയ്ക്ക് ഉത്തരവിട്ടത്?

ഉ:ജനറൽ ഡയർ

2.ഇന്ത്യയുടെ ദേശീയഗാനം രചിച്ചത്?

ഉ.രവീന്ദ്ര നാഥടാഗോർ

3.ദേശീയ പതാകയിൽ അശോകചക്രത്തിൻെറ നിറം?

ഉ. നീല

4. അലീ സഹോദരൻമാർ ആരൊക്കെ ?

ഉ. മുഹമ്മദലി,ശൗക്കത്താലി

5. ഇന്ത്യൻ ഭരണഘടനയുടെ ശില്പി?

ഉ. ഡോ.ബി.ആർ.അംബേദ്കർ

6.സാരെ ജഹാംസെ അഛാ എന്ന ദേശഭക്തി ഗാനം രചിച്ചത് ആര് ?

ഉ.മുഹമ്മദ് ഇഖ്ബാൽ

7. ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ എന്നറിയപ്പെടുന്നത് ?

ഉ.സർദാർ വല്ലഭായി പട്ടേൽ

8.സ്വതന്ത്ര ഇന്ത്യയുടെ ആദ്യപ്രസിഡൻ്റ?

ഉ.ഡോ.രാജേന്ദ്ര പ്രസാദ്

9. ഏത് കടപ്പുറത്ത് വച്ചാണ് ഗാന്ധിജി ഉപ്പ്കുറുക്കി സമരം ചെയ്തത്?

ഉ.ദണ്ഡി കടപ്പുറത്ത്

10. സബർമതി ആശ്രമം എവിടെ?

ഉ.ഗുജറാത്തിൽ

11.മലബാർ സമരം നടന്ന വർഷം?

ഉ.1921

12.1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം ആരംഭിച്ചത് എവിടെ?

ഉ.ഉത്തർപ്രദേശിലെ മീററ്റ്

13.കേരള ഗാന്ധി എന്നറിയപ്പെടുന്നത് ?

ഉ.കെ. കേളപ്പൻ

14. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ വീദ്യാഭ്യാസ മന്ത്രി?

ഉ.അബ്ദുൾ കലാം ആസാദ്

15.സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി?

ഉ.ജവഹർലാൽ നെഹ്റു

16.ക്വിറ്റ് ഇന്ത്യ സമരം ആരംഭിച്ച വർഷം

ഉ.1942

17.ഗാന്ധിജിയെ മഹാത്മ എന്ന് വിശേഷിപ്പിച്ചത് ആര്?

ഉ.രവീന്ദ്ര നാഥ ടാഗോർ

18.ഇന്ത്യൻ പ്രധാന മന്ത്രിയായ ആദ്യ വനിത?

ഉ.ഇന്ദിരാ ഗാന്ധി

19.സ്വരാജ്യം എന്റെ ജൻമാവകാശമാണ് എന്ന് പ്രഖ്യാപിച്ചത്?

ഉ.ബാലഗംഗാധര തിലക്

20.ഗാന്ധിജിയെ വധിച്ചത് ആര്?

ഉ.നാഥൂറാം വിനായക് ഗോദ്സെ

21.ഇന്ത്യയുടെ വാനമ്പാടി എന്നറിയപ്പെടുന്നത് ആര്?

ഉ.സരോജിനി നായിഡു

22.ഗാന്ധിജി കൊല്ലപ്പെട്ട വർഷം, മാസം ,തീയതി

ഉ.1948 ജനവരി 30

23.കേരള സിംഹം എന്നറിയപ്പെടുന്നത് ആര്?

ഉ.പഴശ്ശി രാജ

24.ഗാന്ധിജിയുടെ രാഷ്ട്രീയ ഗുരു?

ഉ. ഗോപാല കൃഷ്ണ ഗോഖലെ

# കലാം മൊഴികൾ

*ഒരു വിദ്യാർത്ഥിയുടെ ഏറ്റവും പ്രധാന സ്വഭാവ സവിശേഷത ചോദ്യം ചോദിക്കാനുള്ള ആർജ്ജവമാണ്. വിദ്യാർത്ഥികൾ എപ്പോഴും ചോദ്യങ്ങൾ ചോദിക്കണം

*നിങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുന്നതിന് മുമ്പ് നിങ്ങൾ സ്വപ്നം കാണുക .

*ഇന്നിനെ നമുക്ക് ബലിനൽകാം അതുവഴി നമ്മുടെ കുട്ടികൾക്ക്  മികച്ച ഭാവിയുണ്ടാകട്ടെ .

*സ്വപ്നങ്ങൾ ഉറങ്ങുമ്പോൾ കാണുന്നവയല്ല;ഉറങ്ങാൻ അനുവദിക്കാത്തവയാണ് സ്വപ്നങ്ങൾ.

*ജീവിതത്തിൽ എന്ത് ഉയർച്ചയും താഴ്ച്ചയും ഉണ്ടായാലും അവസാന മൂലധനം ചിന്തയും ആലോചയുമായിരിക്കും.

*ഒരു രാജ്യം അഴിമതി രഹിതവും നല്ല മനസ്സുള്ളവരുടേതുമാകാൻ മൂന്ന് നിർണ്ണായക വ്യക്തിത്വങ്ങൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്. അച്ഛനും അമ്മയും അദ്ധ്യാപകനുമാണവർ.

*ആദ്യ വിജയം നേടുമ്പോൾ വിശ്രമിക്കരുത്.രണ്ടാം വട്ടം അഥവാ പരാജയപ്പെട്ടുപോയാൽ,ഭാഗ്യം കൊണ്ടാണ് ആദ്യ വിജയമുണ്ടായതെന്ന് പറയാൻ ഒരുപാട് ആളുകൾ ഉണ്ടാകും.

# മാറുന്ന കാലാവസ്ഥയും ജൈവവൈവിധ്യവും

## ഉപന്യാസം

ജൈവവൈവിധ്യം.ഭൂമിയിലെ വ്യത്യസ്ത ജീവജാലങ്ങൾ രൂപം നൽകുന്ന പ്രകൃതിയുടെ ക്രമമാണ് അത്.ഇന്ന് കാണുന്ന ജൈവവൈവിധ്യം കോടാനുകോടി വർഷങ്ങളിലൂടെ സംഭവിച്ച പ്രകൃതി പ്രതിഭാസങ്ങളുടെയും മനുഷ്യ ഇടപെടലിന്റെയും ഭാഗമാണ്.എന്നാൽ വൻതോതിലുള്ള കാലാവസ്ഥാ വ്യതിയാനം ജൈവവൈവിധ്യം നേരിടുന്ന വലിയ വെല്ലുവിളിയാണ്. പ്രകൃതിയിലെ സമ്പന്നമായ വൈവിധ്യത്തിൽ ഒന്നുമാത്രമാണ് മനുഷ്യൻ. വൻ മരങ്ങൾ മുതൽ സൂക്ഷ്മജീവികൾ വരെയുള്ള വൈവിധ്യത്തിൽ ഒന്നുമാത്രമാണ് മനുഷ്യൻ.മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ നിലനിൽപ്പ് ഈ ജൈവവൈവിധ്യത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു തന്നെ ജൈവവൈവിധ്യ സംരക്ഷണം ഭൂമിയുടെ നിലനിൽപ്പിനു തന്നെ അത്യന്താപേക്ഷിതമാണ്.

കാലാവസ്ഥാവ്യതിയാനവും മനുഷ്യന്റെ അനതികൃതമായ ഇടപെടലുകളും ജൈവവൈവിധ്യം നേരിടുന്ന വലിയ പ്രതിസന്ധിയായി വളരുകയാണ്. കാലാവസ്ഥാവ്യതിയാനം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്.കേവലം ചൂടുകൂടുന്നത് മാത്രമല്ല കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതം.അന്തരീക്ഷതാപനിലയിലുണ്ടാകുന്ന ചെറിയ വർധനവ് സസ്യജന്തുജാലങ്ങളുടെ വളർച്ചയെയും വികാസത്തെയും ബാധിക്കും.ഇത് ജൈവവൈവിധ്യത്തെ ആകമാനം തകിടം മറിക്കുകയും താറുമാറാക്കുകയും ചെയ്യുന്നു. ഓരോ ആവാസവ്യവസ്ഥയിലെയും ജീവജാലങ്ങൾ വ്യത്യസ്തമായ ഭൂപ്രകൃതിയിൽ വളരുന്നവയാണ്. എന്നാൽ പെട്ടെന്നുണ്ടാകുന്ന



കാലാവസ്ഥാവ്യതിയാനം അവയുടെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുകയും ക്രമേണ ഭൂമുഖത്തുനിന്ന് അവ അപ്രത്യക്ഷമാവുകയും ചെയ്യുന്ന സ്ഥിതി വിശേഷമാണ് നാം ഇന്ന് കണ്ടുവരുന്നത്. കാലാവസ്ഥാ വ്യതിയാനത്തോടൊപ്പം മനുഷ്യന്റെ പരിസ്ഥിതിയിലുള്ള അനധികൃത ഇടപെടലുകളും കൂടി ചേരുമ്പോൾ വൈവിധ്യതയാർന്ന ഒട്ടേറെ ജീവജാലങ്ങൾ നമ്മുടെ ഭൂവിൽ നിന്ന് കാലത്തോടൊപ്പം മറഞ്ഞിരിക്കുന്നു. സ്വാർത്ഥരായ മനുഷ്യരുടെ നിഷ്ഠയമായ പ്രവർത്തനങ്ങൾ തങ്ങളുടെ തന്നെ നിലനിൽപ്പിനെ താറുമാറാക്കുന്നുവെന്ന് വിഡ്ഢികളായ അവർ അറിയുന്നില്ല.പരമ്പരാഗത വിളകളെ സമന്വയിപ്പിച്ച് നാം ഉണ്ടാക്കുന്ന സങ്കരയിനങ്ങൾ പ്രബലരാകുമ്പോൾ നമ്മുടെ തനതായ ജീവലോകം നമ്മുക്ക് അന്യമാകുന്നു. എന്തിലും ലാഭം കൊയ്യാൻ വെമ്പുന്ന മനുഷ്യ മനസ്സിന്റെ വ്യഗ്രത ജൈവവൈവിധ്യത്തിന്റെ സുസ്ഥിരമായ നിലിനിൽപ്പിനെ ശിഥിലമാക്കുന്നു. അടിക്കടിയുള്ള പ്രളയ ദുരന്തങ്ങളും ഋതുഭേദങ്ങളുടെ കാലം തെറ്റിയുള്ള വരവുമെല്ലാം നാം വസിക്കുന്ന ആവാസവ്യവസ്ഥയുടെ പരിപൂർണമായ നാശത്തിലേക്കാണ് വിരൽചൂണ്ടുന്നത്.ശാസ്ത്ര പുരോഗതി കൈവരിച്ച് അനന്തവിഹായസ്സിനെക്കുറിച്ചുവരെ ജ്ഞാനം നേടിയ നാം മനുഷ്യർക്ക് തന്റെ നിലനിൽപ്പിന്റെ പ്രഭവകേന്ദ്രമായ ജൈവവൈവിധ്യ വ്യവസ്ഥയോടുള്ള സമീപനം എന്തേ വികലമാകുന്നു?ആഴത്തിലുള്ള ചിന്തവിചിന്തനങ്ങൾ അനിവീര്യം തന്നെ. ഭൂമുഖത്തിന്റെ തന്നെ സമ്പന്നമായ ജൈവവൈവിധ്യത്തെ സ്വാർത്ഥ മോഹത്തിനുവേണ്ടി നാം കൊള്ളയടിക്കുമ്പോൾ നാം നമ്മുക്കുതന്നെയുള്ള കൊലക്കയറുകളെയാണ് ഒരുക്കുന്നത് എന്ന സത്യം ജ്ഞാനി എന്ന് അഹങ്കരിക്കുന്ന ഭോഷരായ നാം വിസ്മരിക്കുന്നു. ഇനിയെങ്കിലും കാണണം നാം ആ ഭൂമിയുടെ നിലവിളി വികലമായിക്കൊണ്ടിരിക്കുന്ന ജൈവവൈവിധ്യവ്യവസ്ഥയെ തിരികെ കൊണ്ടുവരേണ്ടത് ആ ആവാസവ്യവസ്ഥയിലെ ഒരു കണ്ണിയായ നാം മനുഷ്യരുടെ ഉത്തരവാദിത്വം തന്നെ. മാറുന്ന കാലാവസ്ഥ നമ്മുടെ ദുഷ്ചെയ്തികളുടെ പ്രതിഫലനമാണെന്ന സത്യം അംഗീകരിച്ച് ജീവിവൈവിധ്യത്താൽ അലംകൃതമായ കാർഷിക ജൈവവൈവിധ്യത്തെ തിരികെ കൊണ്ടുവരാൻ നമ്മുക്ക് കൈകോർക്കാം.ഉണരാം. ഒരുമിക്കാം. നല്ല നാളേക്കായി.

ജസ്ന തോമസ് ,10 എ

# സ്കൂൾ പ്രവർത്തനങ്ങളിലൂടെ



# സ്കൂൾ പ്രവർത്തനങ്ങളിലൂടെ



# നാട്ടറിവ് ദിനാചരണം

## ഔഷധസസ്യങ്ങളുടെ പ്രാധാന്യം ഓർമിപ്പിച്ച് നാട്ടറിവ് ദിനാചരണം

**കാലിച്ചാനടുക്കം:** ആരോഗ്യ സംരക്ഷണത്തിലും രോഗപ്രതിരോധത്തിലും ഉള്ള ആയുർവേദത്തിന്റെ പ്രാധാന്യം പകർന്നുനൽകി കാലിച്ചാനടുക്കം ജിഎച്ച്എസിൽ നാട്ടറിവ് ദിനം ആഘോഷിച്ചു. ചടങ്ങിൽ പ്രാദേശിക കർഷക ശാസ്ത്രജ്ഞൻ പി.വി. ദിവാകരൻ കടിഞ്ഞിമൂല മുറികൂട്ടി, പാരിജാതം, മുക്കുറ്റി, വെളുത്തുള്ളിച്ചെടി, അഗ്നിപത്രി, ഉഴിഞ്ഞ, അയ്യപ്പന, കച്ചോലം, എഴുത്താണി കണ്ടൽ, കേശവർധിനി, മുള്ളാത്ത, വെള്ളില, കൂവളം, ഉങ്ങ് തുടങ്ങിയ 40 ഓളം ഔഷധച്ചെടികൾ വിദ്യാലയത്തിലേക്ക് നല്കി.

മുഖ്യാധ്യാപകൻ കെ.ജയചന്ദ്രൻ അധ്യക്ഷത വഹിച്ചു. പിടിഎ കമ്മിറ്റി അംഗം സി.രാജേന്ദ്രൻ ഉപഹാരം നല്കി.

വി.റീന, എം.വി.ആശ, പി.സരോജിനി, എ.വി. നിർമല, വി.കെ. ഭാസ്കരൻ, കെ.രവി എന്നിവർ പ്രസംഗിച്ചു.





# വെള്ളരി വിളവെട്ടുപ്പ്



# സ്കൂൾ കലോൽസവം-ഉദ്ഘാടനം

october 4,5



# സ്കൂൾ കലോൽസവം



# നവീന വിദ്യാഭ്യാസ രീതിയും ഗാന്ധിയൻ സങ്കൽപ്പങ്ങളും

ഉപന്യാസം

ഇന്ന് ലോകത്തിൽ ഏറ്റവുംകൂടുതൽവളർന്നുകൊണ്ടിരിക്കുന്നത് വിദ്യാഭ്യാസ മേഖലയാണ്.വിദ്യാഭ്യാസം ഇന്ന് മനുഷ്യന്റെ അടിസ്ഥാ വികസനത്തിലൊന്നാണ്.നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ വിദ്യാഭ്യാസസങ്കൽപ്പനം വളരെ സവിശേഷത നിറഞ്ഞതാണ്. വിദ്യാഭ്യാസത്തിനൊപ്പം തൊഴിൽ എന്ന മനോഹരമായ സങ്കൽപ്പങ്ങളാണ് മഹാത്മ എന്ന് വിളിക്കുന്ന ഗാന്ധിജിയുടേത്.ഇന്ന് വിദ്യാഭ്യാസ രീതി ഉയർന്ന  നിലവാരത്തിലാണ്.ഗാന്ധിജിയുടേ അടിസ്ഥാനത്തിന്മേലെയാണ് ഇവ വളർന്നു വരുന്നത്.ഗാന്ധിജി യുവതലമുറയ്ക്ക് ഒരു പാഠപുസ്തകമാണ്.വിദ്യാഭ്യാസത്തിന്റെ തുറന്ന ഒരു വായനശാലയാണ് ഗാന്ധിജി.ഗാന്ധിജി ഇന്ന് യുവതലമുറയ്ക്ക് മാതൃകയാണ്.

വിദ്യാഭ്യാസം സാധാരണ ജനങ്ങളുടെ ഹൃദയസ്പന്ധനമാക്കിയ മഹാത്മാവാണ് ഗാന്ധിജി.വിദ്യാഭ്യാസത്തിന്റെ ആവശ്യകത ഗാന്ധിജി തന്റെ ജീവിതത്തിലൂടെയും പ്രസംഗത്തിലൂടെയും അവഗണനയുടെ പുറമ്പോക്കിലേക്ക് വലിച്ചെറിയപ്പെട്ടവർക്ക് വിദ്യാഭ്യാസം നിർബന്ധമായി വേണമെന്നാവശ്യപ്പെട്ട മഹാത്മാവാണ് ഗാന്ധിജി.ഇതാണ് നമ്മുടെ ഭാരതത്തിന്റെ വളർച്ചയ്ക്കും യുവതലമുറയ്ക്കും ഒരുപാട് ഉപകാരമായിട്ടുള്ളത്.നിരക്ഷരരായി ജീവിച്ചാൽ വളർന്നു വരുന്ന തലമുറ തകരുമെന്നും ഭാരതത്തിന്റെ ഭാവി താറുമാറാകുമെന്നും ഗാന്ധിജി നേരത്തേ തന്നെ ഭാവനയിൽകണ്ടിരുന്നു.അതിനാലാണ് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നടപ്പിലാക്കിയത്.ഗാന്ധിജിയുടെ സങ്കൽപ്പനത്തിൽ വലിയവനെന്നോ ചെറിയവനെന്നോ ഇല്ല.അതിനാൽ എന്നാവർക്കും വിദ്യാഭ്യാസം എന്ന മഹത്തായ സന്ദേശമാണ് ഗാന്ധിജി ലോകത്തോട് വിളിച്ച് പറഞ്ഞത്.

തുല്യ നിയമം, തുല്യ നീതി,തുന്യ വിദ്യാഭ്യാസം എന്നതാണ് ഗാന്ധിജിയുടെ സങ്കൽപ്പനത്തിലെ ഇന്ത്യ.വിദ്യാഭ്യാസത്തിന്റെ ഉൾത്തുടിപ്പറിഞ്ഞ മഹാനായിരുന്നു ഗാന്ധിജി.അദ്ധേഹത്തിന്റെ ഈ ചിന്തയാണ് ഭാരതത്തിന്റെ നിലനിൽപ്പിനടിസ്ഥാനം.ഒരു വശത്ത് സ്വാതന്ത്ര്യമെന്ന ആശയവും മറു വശത്ത് വിദ്യാഭ്യാസം എന്നതായിരുന്നു ഗാന്ധിജിയുടെ ചിന്ത.ഇത് ഇന്ത്യൻജനതയെ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്.
തൊഴിലധിഷ്ഠിതമായ ജനങ്ങളാണ് ഇന്ത്യയുടെ ഭാവി എന്ന് ഗാന്ധിജിക്കറിയാമായിരുന്നു.

ഗാന്ധിജിയുടെ ഈ സങ്കൽപ്പനങ്ങളെല്ലാം രാജ്യത്തിന്റെ പുരോഗതിക്കും ഉന്നമനത്തിനും നവീന വിദ്യാഭ്യാസ രീതികളുടെ വളർച്ചയുക്കുമാണ്.
ഗാന്ധിജിയുടെ സ്വപ്നങ്ങളും സങ്കൽപ്പങ്ങളും നവീന വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കും വേണ്ടി നമ്മളാൽ ആവും വിധം നമുക്ക് പരിശ്രമിക്കാം.





അർപ്പിത് ജിജു,10 എ

# സ്വാതന്ത്ര്യ ദിനാഘോഷം



# കൊയ്ത്തുൽസവം



# സീഡ് ക്ലബ്ബ് പ്രവർത്തനങ്ങൾ



# കർഷക ദിനാചരണം


MALAYALAM TODAY
കാലിച്ചാനടുക്കം ഗവ.ഹൈസ്കൂളിൽ നടന്ന
കർഷക ദിനാഘോഷത്തിൽ
പ്രദേശത്തെ മികച്ച കർഷകനെ ആദരിച്ചു

# സ്കൂൾ ശാസ്ത്രോൽസവം






# ചാക്യാർകൂത്ത് അവതരണം

# ഓലകളിപ്പാട്ടനിർമ്മാണം





# ദിനാചരണങ്ങൾ






# വായനാദിനം


നല്ല പാഠം - ഹരിതവിദ്യാലയം - ജൂൺ 11
സീഡ് പ്രവർത്തനങ്ങൾക്ക് തുടക്കം
- ജൂൺ 13
ഗവ ഹൈസ്കൂൾ
കാലിച്ചാനടുക്കം
ജൂൺ 19 വായനാദിനം
ഉദ്ഘാടനം
സന്തോഷ് കുമാർ ചെറുപുഴ

# കൃതജ്ഞത

ലിറ്റിൽ കൈറ്റ്സിന്റെ സ്കൂൾതല പ്രവർത്തനങ്ങളുടെ ഭാഗമായ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി നടത്തിയ ഉദ്യമത്തിൽ കുട്ടികളുടേയും അധ്യാപകരുടേയും അനധ്യാപകരുടേയും പൂർണ്ണ സഹകരണം ഉണ്ടായിരുന്നു.സൃഷ്ടികൾ തന്ന് സഹകരിച്ചവരോടും മാഗസിൻ നിർമ്മാണത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളോടൊപ്പം പ്രവർത്തിച്ച ഐ.ടി.ക്ളബ്ബംഗങ്ങൾ,വിദ്യാരംഗം കുട്ടികൾ,വിവിധ ക്ളബ്ബംഗങ്ങൾ,അധ്യാപകർ,അനധ്യാപകർ മറ്റ് കുട്ടികൾ എന്നിവരോടും ലിറ്റിൽ കൈറ്റ്സിന്റെ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

ഇതിൻെറ പൂർത്തീകരണത്തിനു വേണ്ടി എല്ലാവിധ പിൻതുണയും നല്കിയ ഹെഡ്മാസ്റ്റർ ശ്രീ ജയചന്ദ്രൻ കെ,സീനിയർ അസിസ്റ്റൻറും സ്കൂൾ ഐ ടി കോഡിനേറ്ററുമായ ശ്രീമതി ആശ ടീച്ചർ,ആശംസകൾ നേർന്ന വിശിഷ്ട വ്യക്തികൾ,പി.ടി.എ പ്രസിഡണ്ട്,എസ്.എം .സി അംഗങ്ങൾ,മറ്റ് ഭാരവാഹികൾ എല്ലാവരോടും കൃതജ്ഞതയറിയിക്കുന്നു.



# നന്ദി